# മായാസമുദ്രത്തിനക്കരെ

പെരുമ്പടവം ശ്രീധരൻ



പിറ്റേന്ന് വെളുപ്പിനു കിഴക്കേ ചക്രവാളത്തിൽനിന്ന് സൂര്യൻ നോക്കുമ്പോൾ ഭൂമിയാകെ ശൂന്യമായും പാഴായും കിടക്കുന്നു. അജയന്റെ ഫോൺ നിർത്താതെ ബെല്ലടിച്ചുകൊണ്ടിരുന്നു. ആരും എടുക്കുന്നില്ല. പ്രപഞ്ചത്തെ മൂടിക്കിടന്ന ശൂന്യതയിൽ ആ ഫോൺബെൽ മാത്രം മുഴങ്ങിക്കൊണ്ടിരുന്നു...

ഒരു സങ്കീർത്തനംപോലെ അനാദിയായ പ്രണയത്തിന്റെ ജൈവസ്പർശം അനുഭവവേദ്യമാക്കുന്ന അസാധാരണമായ രചന

**പെരുമ്പടവത്തിന്റെ ഏറ്റവും പുതിയ നോവൽ**

കവർ ഡിസൈൻ : ബോണി ബാസ്റ്റിൻ

ഡിസി ബുക്സ്

www.dcbooks.com

9 788126 475599 00001

നോവൽ | E-book available | ₹ 100

പെരുമ്പടവം ശ്രീധരൻ • മായാസമുദ്രത്തിനക്കരെ

ഡി സി ബുക്സ്

33

# പെരുമ്പടവം

# മായാസമുദ്രത്തിനക്കരെ

DCB

'ഞാൻ യഥാർത്ഥത്തിൽ കാണുന്നത്
ഈ കടലല്ല. മറ്റൊരു കടലാണ്'
'വേറെയും കടലുകളുണ്ടെന്ന് എനിക്ക
റിയാം.' ഗീതു പറഞ്ഞു.
'അത്തരം കടലുകളെക്കുറിച്ചല്ല ഞാൻ
പറഞ്ഞത്.'
'പിന്നെ?'
'ഭവസാഗരം.'

1666

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1666 Call No.........................

This book should be returned on or before the date last given below.

## പെരുമ്പടവം ശ്രീധരൻ

നോവലിസ്റ്റ്, കഥാകൃത്ത്, തിരക്കഥാകൃത്ത്. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ പെരുമ്പടവം ഗ്രാമത്തിൽ 1938 ഫെബ്രുവരി 12-ന് ജനനം. എഴുത്തിന്റെ തുടക്കം കവിതയിലാണെങ്കിലും പിന്നീട് കഥയിലേക്കും നോവലിലേക്കും തിരിഞ്ഞു. പത്രപ്രവർത്തകനായിരുന്നു. *അഭയം, അഷ്ടപദി, ഒരു സങ്കീർത്തനംപോലെ* തുടങ്ങി നാല്പതിലേറെ കൃതികൾ പ്രസിദ്ധീകരിച്ചു. പന്ത്രണ്ട് ചലച്ചിത്രങ്ങൾക്കു തിരക്കഥയുമെഴുതി. കേരളസാഹിത്യ അക്കാദമി, ചലച്ചിത്ര സെൻസർബോർഡ്, സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ടർ ബോർഡ് എന്നിവയിൽ അംഗമായിരുന്നിട്ടുണ്ട്. 2011-ൽ കേരളസാഹിത്യ അക്കാദമിയുടെ പ്രസിഡണ്ടായി. വയലാർ അവാർഡ്, വള്ളത്തോൾ പുരസ്കാരം, കേരളസാഹിത്യ അക്കാദമി അവാർഡ്, കേരളാ സ്റ്റേറ്റ് ഫിലിം അവാർഡ്, ഫിലിം ക്രിറ്റിക്സ് അവാർഡ്, ഫിലിംഫെയർ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

### പെരുമ്പടവം ശ്രീധരന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

***നോവൽ***

അഭയം
അഷ്ടപദി
എന്റെ ഹൃദയത്തിന്റെ ഉടമ
മേഘച്ഛായ
സൂര്യദാഹം
മായാസമുദ്രത്തിനക്കരെ

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
നോവലുകൾ പരിചയപ്പെടുവാൻ
ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

പെരുമ്പടവം ശ്രീധരൻ

# മായാസമുദ്രത്തിനക്കരെ

ഡി സി ബുക്സ്

MALAYALAM LANGUAGE
Mayasamudrathinakkare

NOVEL
*by* Perumpadavam Sreedharan

Rights Reserved
First Published November 2020

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Sreedharan, Perumpadavam
Mayasamudrathinakkare/ Perumpadavam Sreedharan.
80 p., 21 cm.
ISBN 978-81-264-7559-9.
1. Malayalam novel. I. Title.
894.812 3-dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-7559-9

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

465/20-21-Sl.No. 20734-dcb 7551-2000-2624-11-20-se 70-p pk r sh-d pk

# അടയാളവാക്യം

"ഒരാൾക്ക് എപ്പോഴും അയാളായിരിക്കാൻ കഴിയുമോ? ഇടയ്ക്കിടയ്ക്ക് അയാൾക്ക് മറ്റാരെങ്കിലുമായിരിക്കേണ്ടി വരില്ലേ?"

"വഴിനീളെ നിങ്ങൾ ആരോടാണു സംസാരിച്ചുകൊണ്ടു നടക്കുന്നത്? ഞാൻ നോക്കിയിട്ട് നിങ്ങളുടെകൂടെ വേറേ ആരെയും കാണുന്നില്ല. നിങ്ങൾ തനിച്ചാണ്. പിന്നെ ആരോടാണു നിങ്ങൾ സംസാരിക്കുന്നത്?"

"പരേതാത്മാക്കളോട്. അവരോടൊപ്പമുള്ള ജീവിതത്തെ നിങ്ങൾ ജീവിതമെന്നു വിളിക്കുമോ?"

അങ്ങനെയൊക്കെ ഞാൻ എന്റെയുള്ളിൽ ചോദിച്ചും പറഞ്ഞും കുറേക്കാലം കഴിഞ്ഞു.

"ജീവിതത്തിന്റെ ശക്തികേന്ദ്രത്തിൽ അസഹ്യമായ ഒരനീതിയുണ്ട്, ആരാണതിന്റെ ഉത്തരവാദി ദൈവമല്ലാതെ?"

എന്റെ ചോദ്യങ്ങൾ മുഴുവൻ ദൈവങ്ങളോടായിരുന്നു.

"നിങ്ങൾ എന്റെ ആരാണ്? ഞാൻ നിങ്ങളുടെ ആരാണ്? തിരിച്ചുകിട്ടാത്ത സ്നേഹത്തെ നിങ്ങൾ ഏതു കണക്കിൽ ഉൾപ്പെടുത്തും?"

ജീവിതത്തെ ചൂഴ്ന്നുനില്ക്കുന്ന ഏകാന്തതയും ദുരന്തബോധവും അലട്ടിക്കൊണ്ടിരിക്കുമ്പോൾ ഇത്തരം ചോദ്യങ്ങൾകൊണ്ട് ഞാനെന്നെ വിചാരണ ചെയ്യുന്നു.

ജീവിതത്തിന്റെ നെടുംപാതയിൽവച്ച് കണ്ടുമുട്ടിയ ഒരാൾ തന്റെ ജീവിതത്തിലേക്കു കടന്നുവരുന്നു. ഇടയ്ക്കുവച്ച് യാത്രപറയാതെ ജീവിതത്തിൽനിന്ന് ഇറങ്ങിപ്പോകുന്നു.

നിങ്ങൾ വീണ്ടും തനിച്ചാവുകയാണ്.

എന്റെ ഭ്രാന്ത് അങ്ങനെ നീണ്ടുപോകുന്നു.

അതിനിടയിൽ ഏതോ ഒരു നിമിഷത്തിൽ ഞാൻ ഈ മായാസമുദ്രത്തിനരികിലെത്തി. അനന്തതയിലേക്കു വ്യാപിച്ചുകിടക്കുന്ന മായാസമുദ്രം എന്നെ വല്ലാതെ മോഹിപ്പിച്ചു.

ഏതെങ്കിലും ഒരു നിമിഷത്തിൽനിന്ന് അല്ലെങ്കിൽ ഏതെങ്കിലും ഒരു ചുവടിൽനിന്നല്ലേ അനന്തതയിലേക്കുള്ള യാത്ര തുടങ്ങുന്നത്?

നിങ്ങൾ എന്റെ ആരാണ്? ഞാൻ നിങ്ങളുടെ ആരാണ്? കൂടിയ വിലയ്ക്കു തിരിച്ചുകിട്ടാത്ത സ്നേഹത്തിന്റെ കാര്യത്തിൽ നിങ്ങളുടെ മനോഭാവമെന്താണ്?

ഇനി മായാസമുദ്രത്തിനക്കരെയിലേക്ക്.

'മായാസമുദ്രത്തിനക്കരെ'യിലെ അജയൻ ഒറ്റയ്ക്കു നടന്നുപോകുന്നു, എങ്ങോട്ടെന്നില്ലാതെ. അയാൾക്കെതിരേ ഒരു ശവഘോഷയാത്ര വരുന്നു. തേങ്ങലിന്റെ ധ്വനിയുള്ള മണിമുഴക്കം കേൾപ്പിച്ചുകൊണ്ട്

ഒരാൾ മുമ്പേ നടക്കുന്നു. പിന്നിൽ അൾത്താരബാലന്മാർ കത്തിച്ച മെഴുകുതിരികൾ കൈയിൽപിടിച്ച് പ്രാർത്ഥന ചൊല്ലി നീങ്ങുന്നു. അതിനുപിന്നിൽ ഉയർത്തിപ്പിടിച്ച മേലാപ്പിനു കീഴിൽ കൈയിൽ വേദപുസ്തകവും കുരിശും പ്രാർത്ഥനയുമായി വൈദികൻ. ധൂമപാത്രത്തിൽ കുന്തിരിക്കം എരിയുന്നതിന്റെ പുകയും സുഗന്ധവും പരക്കുന്നു. അനേകംപേർ പ്രാർത്ഥന ചൊല്ലിക്കൊണ്ട് ശവപേടകത്തെ അനുഗമിക്കുന്നു. ശവഘോഷയാത്രയുടെ ഏറ്റവും പിന്നിൽ അയാളും നടന്നു.

ദൂരെ പള്ളിയകത്ത് ഇറക്കിവച്ച ശവപേടകത്തിനു മുമ്പിൽ പുരോഹിതൻ പ്രാർത്ഥന ചൊല്ലി.

പുറത്ത് പള്ളിവാതിലിനരികിൽ അജയൻ പ്രാർത്ഥന കേട്ടുനിന്നു.

ശവഘോഷയാത്ര സെമിത്തേരിയിലേക്കു നീങ്ങുമ്പോൾ അജയനും പിൻതുടർന്നു. ശവക്കുഴിയിലെ പ്രാർത്ഥനയ്ക്കുശേഷം വൈദികൻ ശവപ്പെട്ടിമേൽ പ്രാർത്ഥനാപൂർവം മണ്ണിട്ടു.

ഒരു ജീവിതം ആറടിമണ്ണിൽ മറയുന്നു.

ശവക്കോട്ടയിൽനിന്ന് പുറത്തേക്കിറങ്ങുമ്പോൾ വഴിയരികിൽ നിന്നിരുന്ന അപരിചിതനായ ഒരാൾ ചോദിച്ചു:

"ആരാ മരിച്ചത്?"

അജയൻ പറഞ്ഞു:

"അറിയില്ല. ആരോ ഒരാൾ."

അപരിചിതൻ വിസ്മയത്തോടെ അജയനെ നോക്കി.

അയാൾ സ്വന്തം ഹൃദയത്തിൽ ചോദിച്ചു: ബന്ധുക്കളുടെയും അറിയുന്നവരുടെയും മരണത്തിൽമാത്രമേ സങ്കടമുള്ളോ?

നോവലിൽ ഉൾപ്പെടാതെപോയ ഒരു സന്ദർഭം.

അതും ഓർമയിലിരിക്കട്ടെ.

തിരുവനന്തപുരം
09-11-20

പെരുമ്പടവം ശ്രീധരൻ

# മായാസമുദ്രത്തിനക്കരെ